36 (432) പള്ളിപ്പാട്ട് കുഞ്ഞുകൃഷ്ണന് സ്മാരകം

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലയാളത്തിലെ പ്രശസ്ത ജീവചരിത്രകാരൻ യശ:ശരീരനായ പള്ളി പ്പാട്ട് കുഞ്ഞുകൃഷ്ണന് ആലപ്പുഴ ജില്ലയിലെ ജന്മസ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കുവാൻ സർക്കാർ നടപടി എടുക്കുമോ?

ഉത്തരം

ഉദ്ദേശിക്കുന്നില്ല.

37 (433) കുഞ്ചൻ നമ്പ്യാർ സ്മാരക സമിതി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരക സമിതി 1997-ൽ അപേ ക്ഷിച്ച പ്രകാരം കുഞ്ചൻ നമ്പ്യാർ അന്ത്യവിശ്രമം കൊള്ളുന്ന സ്മൃതി ഭൂമി നാളിതുവരെയായിട്ടും സമിതിയെ ഏല്പിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ഈ ഭൂമി സമിതിയെ ഏല്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ ഭൂമിയിൽ കുഞ്ചൻ നമ്പ്യാർക്ക് സ്മൃതി മണ്ഡപം പണിയാൻ സാംസ്കാരിക വകുപ്പ് പ്രത്യേകം ഗ്രാന്റ് നൽകുമെന്നുള്ള ഉറപ്പു പാലിക്കാൻ നടപടി സ്വീകരിച്ചു തുടങ്ങിയോ?

ഉത്തരം

(എ)&(ബി)ആലപ്പുഴയിൽ കുഞ്ചൻ നമ്പ്യാർ അന്ത്യവിശ്രമം കൊള്ളുന്ന ഭൂമിയിൽ സ്മൃതിമണ്ഡപം പണിയുന്നതിന് കുഞ്ചൻ നമ്പ്യാർ സ്മാരക സമിതിയെ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണ നയിലാണ്.

(സി) കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനായി ഗ്രാന്റ് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

38 (434) അന്തർദേശീയ ചലച്ചിത്രോത്സവം

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സംഘടിപ്പിച്ച അന്തർദേശീയ ചലച്ചിത്രോത്സവ ത്തിന് മൊത്തം എത്ര തുക ചെലവായി;

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയായി രുന്നു; ബാക്കി തുക എവിടെ നിന്നും ലഭിച്ചു;

(സി) ചെലവുകൾ ഏതെല്ലാം ഇനങ്ങളിലായിരുന്നു; ഓരോ ഇനങ്ങ ളിലും ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചലച്ചിത്രോത്സവത്തിന്റെ കണക്കുകൾ പരിശോധിക്കാൻ പ്രത്യേക സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്നോ;

(ഇ) എങ്കിൽ ആ സംവിധാനത്തിന്റെ ഘടന എന്തായിരുന്നു; ചെലവുകൾ സംബന്ധിച്ച് ഈ സംവിധാനം ഏതെങ്കിലും എതിർപ്പുകളോ നിർദ്ദേശങ്ങളോ നൽകുകയുണ്ടായോ;

(എഫ്) ചലച്ചിത്രോത്സവത്തിന്റെ ആവശ്യത്തിനായി തിയേറ്ററുകൾ, ഫെസ്റ്റിവൽ ഓഫീസ്, ഹോട്ടലുകൾ എന്നിവയ്ക്ക് വാടകയായി എത്ര തുക ചെലവായി എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ജി) ചലച്ചിത്രോത്സവത്തിൽ എത്ര വിദേശ ഡെലിഗേറ്റുകൾ സംബന്ധിച്ചു. അവർ ആരൊക്കെയായിരുന്നു; സിനിമാരംഗത്ത് അവരുടെ സംഭാവനകൾ എന്തായിരുന്നു;

(എച്ച്) ചലച്ചിത്രമേളയിലേക്ക് വിദേശ ചലച്ചിത്രങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രതിഫലം നൽകി ആരെയെങ്കിലും നിയമിച്ചിരുന്നോ; എങ്കിൽ എത്രപേരെ; എവിടെയെല്ലാം;

(ഐ) അവർക്കായി ചെലവായ തുക എത്ര; അത് വിദേശനാണ്യമായാണോ നൽകിയത്; എങ്കിൽ അതിന് കേന്ദ്രാനുമതി ലഭിച്ചിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 18.6.99 വരെ 97,75,088/-രൂപ (തൊണ്ണൂറ്റി ഏഴ് ലക്ഷത്തി എഴുപത്തയ്യായിരത്തി എൺപത്തിഎട്ട് രൂപ) ചെലവായിട്ടുണ്ട്.

(ബി) സംസ്ഥാന ഗവൺമെന്റ് 92.54 ലക്ഷം രൂപ അനുവദിച്ചു. ബാക്കി തുക സ്പോൺസറിംഗിലൂടെയും, ടിക്കറ്റ്, ഫെസ്റ്റിവൽ ബുക്ക് എന്നിവ വിറ്റു കിട്ടിയതിലൂടെയും ലഭിച്ചു.

(സി) ചെലവിനങ്ങളും ചെലവായ തുകയും ചുവടെ ചേർക്കുന്നു.

(1)	ഫിലിം പ്രിന്റുകൾ വിമാനത്തിൽ എത്തിക്കുന്നതിനും ഇൻഷ്വറൻസിനും.	-	10,50,000/-
(2)	എയർടിക്കറ്റ് ചാർജ്ജ്	-	17,75,000/-
(3)	ഹോട്ടൽ ചെലവ്	-	11,45,785/-
(4)	അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ (ഫാക്സ്, ടെലിഫോൺ, ഫെസ്റ്റിവൽ ഓഫീസ് ചെലവും ഉൾപ്പെടെ	-	20,36,136/-
(5)	ചടങ്ങുകൾ	-	5,13,281/-
(6)	പ്രിന്റിംഗ് പബ്ലിസിറ്റി	-	13,57,093/-
(7)	ഫെസ്റ്റിവൽ പ്രോഗ്രാമേഴ്സിന് നൽകിയത്	-	1,25,000/-
(8)	ഫിലിം പ്രിന്റ് വാടക	-	3,25,966/-
(9)	തിയേറ്റർ വാടക	-	9,00,000/-

LIBRARY ARCHIVES Kerala Legislative Assembly

(10) ജൂറിയംഗങ്ങൾ, അതിഥികൾ, ക്ഷണിതാക്കൾ, എന്നിവർക്കും ഭരണ പരമായ കാര്യങ്ങൾക്കുംവേണ്ടിയുള്ള വണ്ടിവാടക. - 5,46,823/-

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) (1) തിയേറ്ററുകൾ - 9,00,000/-

(2) ഫെസ്റ്റിവൽ ഓഫീസ് - 50,000/-

(3) ഹോട്ടലുകൾ - 11,45,785/-

(ജി) 20 (ഇരുപത്) വിദേശ ഡെലിഗേറ്റുകൾ സംബന്ധിച്ച്. പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

(1) ശ്രീമതി റാഡാ സെസിക് : ചലച്ചിത്ര സംവിധായികയും ഫിലിം ക്രിട്ടിക്കുമാണ്. നെതർലാൻഡ് സ്വദേശിയായ ഇവർ ക്രൊയേഷ്യൻ യുദ്ധ ചിത്രങ്ങളുടെ ഒരു പാക്കേജ് സംഘടിപ്പിച്ചു തന്നിരുന്നു.

(2) ശ്രീമതി അലസാൻഡ്രാ സ്പെഷ്യലേ : ഇവർ ഫെസ്റ്റിവെൽ പ്രോഗ്രാമറായിരുന്നു. ഇറ്റലിക്കാരിയായ ഇവർ 'മിലനി' ൽ നടക്കുന്ന ആഫ്രിക്കൻ ഫിലിം ഫെസ്റ്റിവലിന്റെ ഡയറക്ടർ കൂടിയാണ്.

(3) ശ്രീ. കോൺസ്റ്റാന്റിൻ ഒഗേനിയു : മോസ്കോ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസറാണ് ഇദ്ദേഹം. വി.ജി.ഐ.കെ. ഫിലിം സ്കൂളിൽ നിന്നും സ്റ്റുഡൻസ് ഫിലിംസിന്റെ ഒരു പാക്കേജ് സംഘടിപ്പിച്ച് തന്നിരുന്നു. ലെവ് കുളേഷോവിന്റെ ജന്മശതാബ്ദി വർഷമായതിനാൽ അദ്ദേഹത്തിന്റെ പ്രധാന മൂന്ന് ചിത്രങ്ങൾ കൊണ്ടുവന്നിരുന്നു. കുളേഷോവ് അനുസ്മരണ പ്രഭാഷണവും ശ്രീ. ഒഗേനിയു നടത്തിയിരുന്നു.

(4) ശ്രീ. ജിം ക്രാഫോർഡ് : ലണ്ടൻ സ്വദേശിയായ ഇദ്ദേഹം പ്രമുഖനായ ഒരു ഫിലിം ജേർണലിസ്റ്റാണ്.

(5) ശ്രീ. വില്യം സീപ്മാൻ : ലണ്ടൻ സ്വദേശിയായ ഇദ്ദേഹം ഫെസ്റ്റിവൽ പ്രോഗ്രാമർ ആയിരുന്നു.

(6) ശ്രീ. റാച്ചിഡ് ഫെർച്യു : ടുണീഷ്യൻ വംശജനം. ചലച്ചിത്ര സംവിധായകനും 'കാർത്തോജ്' ഫിലിം ഫെസ്റ്റിവലി (ടുഷീഷ്യന്റെ മുൻ പ്രസിഡന്റുമാണ്.)

(7) ശ്രീമതി ഫില്ലിസ് മൊള്ള : അന്താരാഷ്ട്ര സിനിമാ നിർമ്മാതാക്കളുടെ സംഘടനയായ 'ഫിലാപ്പി'ന്റെ പ്രസിഡന്റാണ്. ഈ വർഷം മുതൽ കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് ഈ സംഘടനയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(8) ശ്രീ. ജിൻറോ : കാൻഫിലിം ഫെസ്റ്റിവലിന്റെ പ്രോഗ്രാമറും പത്ര പ്രവർത്തകനുമാണ്.

(9) ശ്രീ. ഇവാൻവീരക്കൊടി : ശ്രീലങ്കൻ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ജനറൽ മാനേജരാണ്.

(10) ശ്രീ. ഡെറിക് മാൽക്കം : 'ഗാർഡിയൻ' പത്രത്തിലെ ഫിലിം ക്രിട്ടിക്കായ ഇദ്ദേഹം ലണ്ടൻ സ്വദേശിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(11) ശ്രീ. അഷ്‌ലിരത്നവിഭൂഷണ : ഏഷ്യൻ ഫിലിം സെന്ററിന്റെ പ്രസിഡന്റും ഫിലിം ക്രിട്ടിക്കുമായ ഇദ്ദേഹം ശ്രീലങ്കൻ സ്വദേശിയാണ്.

(12) ശ്രീ. അലൻജലാദു : ചലച്ചിത്രമേളയുടെ ജൂറിയംഗമായ ഇദ്ദേഹം ഫ്രാൻസുകാരനാണ്. 'നാന്റഡ്' ഫിലിം ഫെസ്റ്റിവലിന്റെ ഡയറക്ടറാണ്.

(13) ശ്രീ. മാർഷൽ നേബൽ : ചലച്ചിത്രമേളയുടെ ജൂറിയംഗമായിരുന്നു. 'ഫ്രീബർഗ്' ഫിലിം ഫെസ്റ്റിവൽ ഡയറ്ടറാണ്.

(14) ശ്രീ. ഡൊണാൾഡ് റിച്ചി : ചലച്ചിത്രമേളയുടെ ജൂറിയംഗമായിരുന്നു. ന്യൂയോർക്ക് നാഷണൽ ആർക്കൈവിലെ മുൻ ക്യൂറേറ്ററായിരുന്ന ഇദ്ദേഹം നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ച പുസ്തകങ്ങളുടെ രചയിതാവും പ്രശസ്തനായ ഫിലിം ക്രിട്ടിക്കുമാണ്.

(15) ശ്രീ. മരിയോ മോനിസെല്ലി : പ്രശസ്തനായ ഇറ്റാലിയൻ കോമഡി ചിത്രങ്ങളുടെ സംവിധായകൻ, അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മുഖ്യാതിഥിയായിരുന്നു. ഇദ്ദേഹത്തിന്റെ പ്രശസ്തങ്ങളായ നാലു ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിച്ചിരുന്നു.

(16) ശ്രീമതി എമിനി സിലാൻ അക്സോയ് : മേളയിൽ ശ്രദ്ധിക്കപ്പെട്ട ടർകിഷ് ചിത്രമായ 'കസംബ'യുടെ സ്ക്രിപ്റ്റ്റൈറ്റർ.

(17) ശ്രീ. ഫെറെൻ മാൽഡോവാണി : മേളയിൽ പ്രദർശിപ്പിച്ച ഹംഗേറിയൻ ചലച്ചിത്രമായ 'ദിവേ'യുടെ സംവിധായകൻ.

(18) ശ്രീ. ലിംടൻ സെമേജ് : മേളയിലെ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച 'ദി ഔട്ട്കാസ്റ്റ്' എന്ന ശ്രീലങ്കൻ ചിത്രത്തിന്റെ സംവിധായകൻ.

(19) ശ്രീ. ഗ്യൂ റോംഗ് : മേളയിൽ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച ചൈനീസ് ചിത്രമായ 'അൺ വെൽക്കം ലേഡി'യുടെ സംവിധായകൻ.

(20) ശ്രീമതി ഗോണൽ ഗോമസ് കോളിൻ : അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഫെസ്റ്റിവൽ പ്രോഗ്രാമറായിരുന്നു.

(എച്ച്)വിദേശചലച്ചിത്രങ്ങൾ തെരഞ്ഞെടുത്ത് ഏർപ്പാടാക്കുന്നതിന് താഴെപ്പറയുന്നവരെ ഫെസ്റ്റിവൽ പ്രോഗ്രാമർമാരായി നിയോഗിച്ചിരുന്നു.

(1) ശ്രീ. വില്യം സീപ്മാൻ - യൂറോപ്യൻ ചിത്രങ്ങൾ.

(2) ശ്രീമതി അല സാൻഡ്ര സ്പെഷ്യലേ - ഇറാൻ ആഫ്രിക്കൻ ചിത്രങ്ങൾ.

(3) ശ്രീമതി അരുണാ വാസുദേവ് - ഏഷ്യൻ ചിത്രങ്ങൾ.

(4) ശ്രീമതി ഗോബർ ഗോമസ് കോളിൻ - ടർക്കി, സൗത്ത് കൊറിയൻ ചിത്രങ്ങൾ.

(ഐ) ശ്രീ. വില്യം സീപ്മാന് ഒരു ലക്ഷം രൂപയും ശ്രീമതി അരുണാ വാസുദേവിന് 25,000/- രൂപയുമാണ് നൽകിയിട്ടുള്ളത്. ഇത് ഇൻഡ്യൻ കറൻസിയിലാണ് നൽകിയത്.

39 (435) ശുദ്ധജല വിതരണ പദ്ധതി

ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly